**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - പാലക്കാട് ജില്ലാ മിഷനിൽ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായ ശ്രീ.സെയ്ദലവി. പി-യെ മുൻകാല പ്രാബല്യത്തോടെ പാലക്കാട് ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായി നിയമിച്ച ഉത്തരവ് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം. 501/2019/തസ്വഭവ. തിരുവനന്തപുരം, തീയതി: 02/03/2019**

---

പരാമർശം:- 1. 08/12/2016 തീയതിയിലെ സ.ഉ(സാധാ)നം.3355/2016/തസ്വഭവ.

2. 17/11/2017 തീയതിയിലെ സ.ഉ(സാധാ)3704/2017/തസ്വഭവ.

3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 17/12/2018-ലെ 1583/ഇ 1/16/കെ.എസ്.എച്ച്.ഒ നമ്പർ കത്ത് .

ഉത്തരവ്

കുടുംബശ്രീ പാലക്കാട് ജില്ലാ മിഷനിൽ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായിരുന്ന ശ്രീ.സെയ്ദലവി പി.യെ 09.01.2017 മുതൽ പരാമർശം(2)ലെ സർക്കാർ ഉത്തരവു പ്രകാരം മുൻകാല പ്രാബല്യം നൽകി പാലക്കാട് ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായി നിയമിച്ചിരുന്നു. ശ്രീ.സെയ്ദലവി. പി-യ്ക്ക് 20.02.2017 തീയതി മുതൽ മുൻകാല പ്രാബല്യം നൽകിയ പരാമർശം (2) ലെ സർക്കാർ ഉത്തരവ് ഭേദഗതി വരുത്തണമെന്ന് പരാമർശം (3) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. സെയ്ദലവി-പിയ്ക്ക് 09.01.2017 മുതൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായി മുൻകാല പ്രാബല്യം നൽകിക്കൊണ്ടുള്ള പരാമർശം (2) ലെ സർക്കാർ ഉത്തരവ് 20.02.2017 മുതൽ പ്രാബല്യം നൽകി പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**മിനി എം.ആർ**

**ഗവൺമെന്റ് അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ,, തിരുവനന്തപുരം
കുടുംബശ്രീ ജില്ലാ മിഷൻ, പാലക്കാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (എൽ.ബി.എ) കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**